ഖുത്വ്ബ നമ്പർ

**06**

**10-02-2012**

بسم اللہ الرحمن الرحیم ○ نحمدہ ونصلی علیٰ رسولہ الکریم ○ وعلیٰ عبدہ المسیح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایدہ اللہ تعالیٰ بنصرہ العزیز

**വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ**



# സർവ്വസ്തുതിയും യഥാർഥ ആരാധ്യനായ അല്ലാഹുവിനാകുന്നു.

സൂറ ഫാത്തിഹ എല്ലാ നമസ്ക്കാരത്തിലും നാം ഓതുന്ന സൂറത്താണ്. ഹദീഥുകളിൽ അതിന്റെ വിവിധ പേരുകളും ശ്രേഷ്ഠതകളും വിവരിച്ചിട്ടുണ്ട്. അതിന്റെ ഒരു നാമം സൂറത്തുസ്സലാത്ത് എന്നുമാണ്. അബൂഹുറൈറ رضی اللہ عنہ രിവായത്ത് ചെയ്യുന്നു. തിരുനബി ﷺ അരുളുകയുണ്ടായി. അല്ലാഹു പറയുന്നു. ഞാൻ സ്വലാത്തിന്റെ അഥവാ സൂറാ ഫാത്തിഹായെ എനിക്കും സൃഷ്ടികൾക്കുമിടയും പപ്പാതിയായി ഭാഗിച്ചിരിക്കുകയാണ്. സൂറത്തിന്റെ പകുതി ഭാഗത്ത് അല്ലാഹുവിന്റെ ഗുണനാമങ്ങളെക്കുറിച്ച് പറയുന്നു. പകുതി ഭാഗത്ത് സൃഷ്ടികൾക്ക് പ്രാർത്ഥന പഠിപ്പിച്ചുകൊടുത്തിരിക്കുകയാണ്.

നമസ്ക്കരിക്കുന്ന ഓരോരുത്തരും സൂറ ഫാത്തിഹയുടെ ഈ പ്രാധാന്യം മനനസ്സിലാക്കിവെക്കേണ്ടതാണ്. അല്ലാഹുവിന്റെ സിഫത്തുകളെ കുറിച്ച് ചിന്തിച്ചുകൊണ്ട് അതിൽ നിന്നും കഴിവതും ഫലമെടുക്കാൻ ശ്രമിക്കുക. ഇതേപോലെ അതിലുള്ള ദുആയിൽ നിന്ന് ഫലമെടുക്കാനായി ചിന്തിക്കുകയും ഓരോ നമസ്കാരത്തിലും അതിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാനായി ശ്രദ്ധാപൂർവ്വം പാരായണം ചെയ്യേണ്ടതാണ്. അതേപോലെ ഹ:മസീഹ് മൗഊദ് علیہ السلام ന്റെ ഈ കാലഘട്ടവുമായി ഈ സൂറത്തിന് പ്രത്യേക ബന്ധമുണ്ട്. മുൻവേദ ഗ്രന്ഥങ്ങളിലും ഇതിനെക്കുറിച്ച് പരാമർശമുണ്ട്. സൂറ ഫാത്തിഹയിലെ വിഷയങ്ങളിൽ ഹ:മസീഹ് മൗഊദ് علیہ السلام ന്റെ കാലത്തുണ്ടാകുന്ന അനുഗ്രഹങ്ങളെക്കുറിച്ചും അത് കരസ്ഥമാക്കേണ്ട മാർഗങ്ങളെക്കുറിച്ചും ആ കാലത്തുണ്ടാകുന്ന ശർറിനെക്കുറിച്ചും വിപത്തിനെക്കുറിച്ചും എല്ലാം പ്രതിപാദിക്കുന്നുണ്ട്. അതുകൊണ്ട് ഈ സൂറത്തിന് ഇന്നുള്ള മുസ്ലീങ്ങൾക്ക് വലിയ പ്രാധാന്യം ഉണ്ടാകേണ്ടതാണ്. എന്നാൽ ദൗർഭാഗ്യമെന്ന് പറയട്ടെ, മുസ്ലിം ഉലമാക്കൾ സമൂഹത്തെ തങ്ങളുടെ പരിധിയിൽ ഒതുക്കുകയും അവരെ ചിന്തിപ്പിക്കുന്നതിൽ നിന്ന് തടഞ്ഞുനിർത്തിയിരിക്കുകയുമാണ്. ഇതു കാരണം ഇതിനെക്കുറിച്ച് പൊതു മുസ്ലീംകൾ ചിന്തിക്കുന്നില്ല. എന്നാൽ വാഗ്ദത്ത മസീഹിന്റെ ആഗമനത്തെക്കുറിച്ച് അംഗീകരിക്കുകയും ഇതിനെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്ന ഒരു വിഭാഗവുമുണ്ട്.

ഈ മൗലവിമാരും മുല്ല വർഗവും ഇവരെ ശർറിലേക്കും വഴികേടിലേക്കുമാണ് കൊണ്ട്പോകുന്നത്. ശർറിന്റെയും ശിർക്കിന്റെയും വഴികേടിന്റെയും ആധിപത്യം നിലനിൽക്കുന്നു എന്ന് ചിന്തിക്കുന്ന ഓരോ മുസ്ലിം അംഗീകരിക്കുന്നു. മാത്രമല്ല ഇത് എല്ലായിടത്തും വ്യാപിക്കുന്നത് കാണുകയും ചെയ്യുന്നു. അതിനെ അകറ്റാൻ അല്ലാഹുവിന്റെ ഒരു വരിഷ്ഠദാസൻ വരേണ്ടതുണ്ട്. ഇങ്ങിനെ ഒരാൾ വേണമെന്ന് അവർ മനസ്സിലാക്കുന്നുണ്ട്. അപ്പോൾ അങ്ങനെ ഒരു വ്യക്തിയെക്കുറിച്ച് അദ്ദേഹം വന്നിട്ടുണ്ടോ എന്ന് അവർ അന്വേഷിക്കേണ്ടതാണ്. എന്നാൽ ആ വ്യക്തി തീർച്ചയായും വന്നിരിക്കുന്നു. എന്നാൽ മുസ്ലീംകളിൽ ഭൂരിഭാഗവും പണ്ഡിതരെ ഭയപ്പെട്ടുകൊണ്ട് അദ്ദേഹത്തെ സ്വീകരിക്കാൻ തയ്യാറല്ല. അതിനാൽ ഉലമാക്കളും പൊതുജനങ്ങളും അല്ലാഹുവിനോട് യഥാർത്ഥ മാർഗം കാണിച്ചുതരാൻ തേടുകയും പിടിവാശി ഉപേക്ഷിക്കുകയും ചെയ്യേണ്ടതാണ്. സന്ദേശം എത്തിക്കുക എന്നതാണ് നമ്മുടെ ഡ്യൂട്ടി. അത് നാം എത്തിച്ചുകൊണ്ടേ ഇരിക്കുന്നതാണ്. അതോടൊപ്പം തിരുനബി ﷺ യുടെ ഈ പ്രിയ പ്രേമിയുമായി തങ്ങളെ ബന്ധപ്പെടുത്തുന്ന അഹ്മദികളായ നാം നമ്മുടെ അറിവും വിജ്ഞാനവും വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. സൂറ ഫാത്തിഹയുടെ വിഷയങ്ങൾ കൂടുതൽ ഉൾകൊള്ളാൻ ശ്രമിക്കേണ്ടതാണ്. ഹ: മസീഹ് മൗഊദ് علیہ السلام ഈ സൂറത്തിന്റെ വിഷയങ്ങൾ വിവിധ സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്. അത് അറിയാൻ നാം ശ്രമിക്കേണ്ടതാണ്. അത് മനസ്സിലാക്കാൻ നാം ശ്രമിക്കണം. എന്നാൽ മാത്രമെ ഇതിലെ കാര്യങ്ങൾ നമുക്ക് ജീവിതത്തിൽ പകർത്തി പ്രയോജനമടയാൻ സാധിക്കുകയുള്ളൂ.

ഹ:മസീഹ് മൗഊദ് علیہ السلام ന്റെ വാക്കുകൾ സൂറത്തുൽ ഫാത്തിഹയുടെ രണ്ടാമത്തെ ആയത്തായ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്നതിനെക്കുറിച്ച് നൽകിയ വ്യാഖ്യാനം കേൾപ്പിക്കുകയാണ്. ഈ ആയത്തിൽ ഉൾകൊണ്ടിട്ടുള്ള വിവധ വിഷയങ്ങളെ വിവിധ രീതിയിൽ ആ മഹാത്മാവ് വിവരിച്ചിട്ടുണ്ട്. ചില ഉദ്ധരണികൾ ഞാൻ എടുത്തിട്ടുണ്ട്. ഇവ ആ മഹാത്മാവിനെ വൈജ്ഞാനികവും ആത്മീയവുമായ ഖജനാവിൽ ഉള്ളതാണ്. ഈ ഒരു ആയത്തിനെക്കുറിച്ച് തന്നെ ഇതല്ലാത്ത എത്രയോ ഉദ്ധരണികൾ വേറെയുമുണ്ട്. ഇത് വായിക്കുകയും കേൾക്കുകയും ചെയ്യുമ്പോൾ നമ്മുടെ അറിവും ജ്ഞാനവും വർദ്ധിക്കുന്നു. ഒരു പ്രാവശ്യം കേട്ടതുകൊണ്ട് അതിന്റെ അഗാതതലങ്ങളിൽ മനുഷ്യന് ഉടനെ ചെന്നെത്താൻ സാധ്യമല്ല. ഇത് മനസ്സിലാക്കാൻ സ്വയം അവ വായിക്കണം. കാലഘട്ടത്തിന്റെ ഇമാമിന്റെ ആത്മീയ ഭണ്ഡാരത്തെക്കുറിച്ച് അപ്പോഴാണ് നമുക്ക് ശരിയായ അറിവ് ലഭിക്കുക. അത് പ്രയോജനപ്പെടുത്താനും സാധിക്കുക. اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്നതിന്റെ വിശദീകരണം ചുരുങ്ങിയ രീതിയിൽ ഹ: മസീഹ് മൗഊദ് علیہ السلام പറഞ്ഞത് ഇപ്രകാരമാണ്. **അൽഹംദുലില്ലാഹ്** സർവ്വസ്തുതിയും സർവ്വസൽഗുണങ്ങളും സമ്മേളിച്ചിരിക്കുന്ന യഥാർത്ഥ ആരാധ്യനായ അസ്തിത്വത്തിനാകുന്നു. അവനിൽ എല്ലാ സിഫത്തുക്കളും ഉൾകൊള്ളുന്നു. അവന്റെ നാമം അല്ലാഹു എന്നാണ്. നാം നേരത്തെ തന്നെ വിവരിച്ചിരുന്നു. വിശുദ്ധ ഖുർആന്റെ പ്രയോഗത്തിൽ അല്ലാഹു എന്ന് പറഞ്ഞാൽ യഥാർത്ഥ ആരാധ്യരും സർവ്വഗുണ സമ്മേളിതനും സർവ്വവിധ ദുർഗുണങ്ങളിൽ നിന്ന് പരിശുദ്ധനും ഏകനും പങ്കുകാരനില്ലാത്തവനും ആയ അസ്തിത്വത്തിന്റെ പേരാണ്.

അവൻ എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടമാണ്. കാരണം അല്ലാഹു തന്റെ പവിത്രഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ തന്റെ നാമമായ അല്ലാഹു എന്നതിന്റെ മറ്റെല്ലാ നാമങ്ങളുടെയും ഗുണ ങ്ങളുടെയും വിശേഷ്യമായിട്ടാണ് പറഞ്ഞിരിക്കുന്നത്.( അതായത് സർവ്വ നാമങ്ങളും ഗുണങ്ങളും അല്ലാഹു എന്ന നാമത്തിൽ ഉൾകൊള്ളുന്നു.) മറ്റൊരു നാമത്തിനും എവിടെയും തന്നെ ഈ സ്ഥാനം നൽകിയിട്ടില്ല. അതുകൊണ്ട് അല്ലാഹു എന്ന നാമത്തിന് മറ്റെല്ലാ നാമങ്ങളുടെയും വിശേഷ്യമായതുകൊണ്ട് മറ്റെല്ലാ നാമ ങ്ങളും ഇത് ഉൾകൊള്ളുന്നു. അല്ലാഹു എന്ന നാമം സർവ്വ നാമ ങ്ങളുടെയും ഗുണങ്ങളുടെയും വിശേഷ്യമായതുകൊണ്ട് അതിന്റെ പൊരുൾ എന്നത് അത് സർവ്വ സൽഗുണങ്ങളും ഉൾകൊള്ളുന്ന താണ്. അല്ലാഹു എന്ന നാമത്തിൽ എല്ലാ ഗുണനാമങ്ങളും സമ്മേ ളിച്ചിരിക്കുന്നു ചുരുക്കത്തിൽ **അൽഹംദുലില്ലാഹ്** എന്നതിന്റെ സംഗ്രഹം ഇതാണ്. എല്ലാതരം സ്തുതികളും, അത് ഭാഗ്യമാ യാലും ആന്തരികമായാലും വ്യക്തി ഗുണങ്ങളായാലും പ്രകൃതി യുടെ അത്ഭുതങ്ങളായാലും എല്ലാ സ്തുതിക്കും അല്ലാഹു മാത്ര മാണ് അർഹനായിട്ടുള്ളത്. അതിൽ മറ്റാരും തന്നെ പങ്കാളികളാ യിട്ടില്ല. അതേപോലെ ഒരു ബുദ്ധിമാനായ വ്യക്തിക്ക് സ്വച്ഛമായ സ്തുതിയും പരിപൂർണ്ണശ്രേഷ്ടതയും എത്രകണ്ട് ചിന്തിക്കാൻ കഴിയുമോ അതല്ലെങ്കിൽ ഒരു തത്വചിന്തകന് തന്റെ മനസ്സിൽ ഉൾക്കൊള്ളാൻ കഴിയുമോ ആ എല്ലാ വിധ ശ്രേഷ്ടതകളും അല്ലാഹുവിൽ ഉൾകൊള്ളുന്നു. എന്നാൽ ബുദ്ധി ഏതെങ്കിലും ഒരു നന്മയെക്കുറിച്ച് സാക്ഷ്യം പറയുകയും എന്നാൽ ആ സൽഗുണം ദൗർഭാഗ്യവാനായ മനുഷ്യനിൽ ഇല്ലാതിരിക്കുന്നതു പോലെ അല്ലാഹുവിൽ ഇല്ലാതിരിക്കുയും ചെയ്യുക എന്നത് അസം ഭവ്യമാണ്. മനുഷ്യന്റെ ബുദ്ധി ഇന്നഗുണം നല്ലതാണെന്ന് സാക്ഷിപറയുകയും എന്നാൽ ആ ഗുണം അല്ലാഹുവിൽ ഇല്ലാ തിരിക്കുകയും ചെയ്യുക എന്നത് അസാധ്യമാണ്. മാത്രമല്ല അല്ലാ ഹുവിൽ കാണാത്ത ഒരു സൽഗുണവും തന്നെ ഒരു ബുദ്ധിക്കും സമർപ്പിക്കാനേ സാധ്യമല്ല. മനുഷ്യചിന്തക്ക് എത്തിപ്പെടാൻ കഴി യുന്ന എല്ലാ സൽഗുണങ്ങളും അല്ലാഹുവിൽ ഉണ്ട്. അല്ലാഹു വിന് അവന്റെ അസ്തിത്വത്തിലും ഗുണത്തിലും സ്തുതിയിലും സമ്പൂർണ്ണ ശ്രേഷ്ഠത കരഗതമാണ്. സർവ്വവിധ നീചഗുണങ്ങ ളിൽ നിന്നും അവൻ പരിശുദ്ധനുമാണ്.

അതുകൊണ്ടാണ് തിരുനബി ﷺ ഒരു ദുആ നമ്മേ പഠിപ്പി ച്ചുതന്നത്. അല്ലാഹുവെ എന്റെ അറിവിലുള്ള നിന്റെ എല്ലാ നാമ ങ്ങളും നിർത്തി ഞാൻ ചോദിക്കുന്നു. അതേപോലെ എന്റെ അറി വിൽ ഇല്ലാത്ത നിന്റെ നാമങ്ങളും നന്മയും ഞാൻ തേടുന്നു. മനു ഷ്യന് അല്ലാഹുവിന്റെ സിഫത്തുകളെ ഒരിക്കലും വലയം ചെയ്യാൻ സാധ്യമല്ല. اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്നതിനെ വിശദീ കരിച്ചതിനുശേഷം ഹംദ് എന്നതിനെ വിശദീകരിച്ചുകൊണ്ട് പറ യുന്നു. ഹംദ് എന്ന് പറഞ്ഞാൽ സ്തിക്കപ്പെടാൻ അർഹനായ വ്യക്തിയുടെ നല്ല പ്രവർത്തനത്തെ സ്തുതിക്കുന്നതിനാണ് പറ യുക. അതേപോലെ സ്വന്തം ഇഷ്ടപ്രകാരം അനുഗ്രഹം ചെയ്ത വ്യക്തിയെ സ്തുതിക്കുന്നതിനുള്ള പേരാണ് ഹംദ് എന്നത്. ആ വ്യക്തി സ്വന്തം ഇംഗിത പ്രകാരമാണ് കരുണ ചെയ്തിരിക്കുന്ന ത്. സ്തുതി അത് യഥാർത്ഥ അർത്ഥത്തിൽ സർവ്വ അനുഗ്രഹ ങ്ങളുടെയും പ്രകാശങ്ങളുടെയും ഉറവിടമായ അസ്തിത്വത്തി നാണ് അർഹതപ്പെട്ടത്. അവൻ ഉള്ളറിഞ്ഞുകൊണ്ട് ആർക്കെ ങ്കിലും അനുഗ്രഹം ചൊരിയുന്നു.അറിയാതെയോ നിർബന്ധിത സാഹചര്യത്തിലോ ആയിരിക്കരുത്. ഹംദ് എന്നതിന്റെ ഈ അർത്ഥം എല്ലാം കേൾക്കുന്നവനും കാണുന്നവനുമായ അല്ലാഹു വിന്റെ അസ്തിത്വത്തിൽ മാത്രമാണ് കാണുന്നത്. അവനാണ് യഥാർത്ഥത്തിൽ അനുഗ്രഹം നൽകുന്നവൻ. ആരംഭത്തിലും അവസാനത്തിലും എല്ലാം ഉള്ള അനുഗ്രഹം അവനിൽ നിന്നാ ണ്. ഈ ലോകത്തും പരലോകത്തും സർവ്വസ്തുതിയും അനു ള്ളതാണ്. അതേപോലെ അവനല്ലാത്ത ഇതരർക്ക് നൽകപ്പെടു ന്ന സ്തുതിയുടെയും മടക്കസ്ഥാനം അവൻ തന്നെയാണ്. (അല്ലാഹു അല്ലാത്ത മറ്റുള്ളവർക്ക് ചെയ്യുന്ന സ്തുതിയും അല്ലാ ഹുവിന്റെ കാരണത്താലാണ് ചെയ്യുന്നത്. ദൈവേതരങ്ങൾക്ക് നൽകുന്ന സ്തുതി എന്നത് അല്ലാഹു അവർക്ക് നൽകിയ ഗുണ ങ്ങൾ കാരണമായാണ്. അല്ലാഹുവിന്റെ സിഫത്തുകളെ സ്വീകരി ച്ചുകൊണ്ടോ അല്ലാഹുവിന്റെ റഹ്മാനിയ്യത്ത് റഹീമിയ്യത്ത് എന്നീ ഗുണങ്ങൾ അവനിൽ വർഷിച്ചതുകൊണ്ടോ അവൻ അനുഗ്രഹി ക്കപ്പെട്ടതിന്റെ ഫലമായി അവൻ ചെയ്ത പ്രവർത്തിക്ക് മറ്റുള്ളവർ സ്തുതിക്കുന്നു.) ചുരുക്കത്തിൽ ലോകത്ത് ആര് എന്ത് ജോലി ചെയ്താലും അതെല്ലാം തന്നെ അല്ലാഹു നൽകിയ കഴിവനുസ രിച്ചേ ചെയ്യാൻ കഴിയുകയുള്ളൂ. അതുകൊണ്ട് സ്തുതി അവസാനം ചെന്നെത്തുന്നത് തിരിച്ച് അല്ലാഹുവിലേക്ക് തന്നെയാണ്.

മറ്റൊരു സ്ഥലത്ത് പറയുന്നു: ഹംദ് എന്ന് പറയുന്നത് മാന്യ നായ അധികാരസ്ഥനായ ഒരു വ്യക്തിയുടെ സ്തുത്യർഹമായ സേവനത്തിന് അദ്ദേഹത്തെ ആദരിക്കാനും ബഹുമാനിക്കാനുമായി നാവുകൊണ്ട് പറയുന്ന സ്തുതിക്കാണ് പറയുക. സർവ്വ സമ്പൂർണ്ണമായ സ്തുതി പ്രതാപവാനായ നാഥന് മാത്രമുള്ളതാ ണ്. എല്ലാതരം സ്തുതികളുടെയും മടക്കം, അത് ചെറുതാണെ ങ്കിലും വലുതാണെങ്കിലും ശരി, വഴികേടിലായവരെ നേർവഴി കാട്ടുകയും നിന്യരെ വന്ദ്യരാക്കുകയും സ്തുത്യർഹരുടെ സ്തുത്യർഹനും ആയ നമ്മുടെ നാഥനിലേക്കാണ്. അതായത് ആ വ്യക്തിയാൽ സ്തുത്യർഹരായിരുന്നിട്ടും അവരെല്ലാം അവനെ സ്തുതിച്ചുകൊണ്ടിരിക്കുന്നു.

ഞാൻ പറഞ്ഞതുപോലെ എല്ലാത്തിന്റെയും മടക്കം അവനി ലേക്കാണ്. ഇവിടെ വഴികേടിലായവർക്ക് നേർവഴി കാണിക്കുന്ന വൻ എന്ന് പറയുകയുണ്ടായി. ഇതുമുഖേന ഹിദായത്ത് ലഭിച്ച വൻ അല്ലാഹുവിനെ സ്തുതിക്കുന്നതാണ്. ലോകരുടെ ദൃഷ്ടി യിൽ നിന്ദ്യരായ ആളുകളുണ്ടാകും അവർ അല്ലാഹുവിന്റെ മുമ്പിൽ ആദരണീയരായിത്തീരുന്നു. പ്രവാചക എതിരാളികൾ എപ്പോഴും പറയാറുള്ളത് നിങ്ങളെ വിശ്വസിച്ചവർ പൊതുവിൽ നിന്ദ്യരായി ഗണിക്കപ്പെടുന്ന സമൂഹമാണ് എന്നാണ്. എന്നാൽ അല്ലാഹു കാലചക്രം തിരിക്കുകയും ആഫിർഔൻ ജീവന്നുവേ ണ്ടി യാചിക്കുന്ന അവസരമുണ്ടാക്കുന്നു. ആ മക്കയിലെ നേതാ ക്കന്മാർ തങ്ങളുടെ ജീവൻ സംരക്ഷിക്കാനായി സുരക്ഷയ്ക്ക് തേടുന്നു. ഈ അവസ്ഥ വിശ്വാസികളെ ഒരു യഥാർഥ സ്തുതി യിലേക്ക് ചെന്നെത്തിക്കുന്നു. ഇക്കാലത്തും അഹ്മദിയും ജമാ അത്തിനെക്കുറിച്ച് നിസ്സാരന്മാരാമെന്നും ഇവർക്ക് ഒരു വിലയുമി ല്ലെന്നും ധരിച്ചുകൊണ്ട് ഇവരെ ഞങ്ങൾ തൂത്തെറിയും എന്ന് വിചാരിക്കുന്നവരുണ്ട്. ഇതിന്നായി ഇടക്കിടക്ക് അല്ലാഹു തന്റെ ശക്തി പ്രകടനം കാണിക്കുന്നുണ്ട്. ഇനി ഒരു കാലംവരും അന്ന് ഇവരെല്ലാം ഇല്ലാതായിത്തീരുന്നതാണ്. ചുരുക്കത്തിൽ അല്ലാഹുവിനാണ് സർവ്വസ്തുതിയും. എല്ലാ സ്തുതിക്കും അർഹൻ അവൻ തന്നെയാണ്. ഒരു വിശ്വാസി ചെയ്യേണ്ടത് അല്ലാഹുവിന്റെ ഈ സ്തുതിയെക്കുറിച്ച് ഉള്ളുതുറന്ന് മനസ്സിലാക്കി അവന്റെ സംര ക്ഷണത്തിൽ വരാൻ ശ്രമിക്കേണ്ടതാണ്. ഹംദ് എന്നതിനെ വിശ ദീകരിച്ചുകൊണ്ട് ഹംദ് കൊണ്ട് തന്റെ ഗ്രന്ഥം അല്ലാഹു തുടങ്ങി യത് എന്തിനാണെന്ന് പറഞ്ഞുകൊണ്ട് പറയുന്നു.

അല്ലാഹുവിന്റെ ഗ്രന്ഥം തുടങ്ങിയത് ഹംദ് എന്ന വാക്കുകൊണ്ടാണ്. ശുക്റ് മദഹ് എന്ന വാക്കുകളല്ല ഉപയോഗിച്ചത്. കാരണം ഹംദ് എന്ന വാക്കിന്റെ പൊരുൾ ഈ രണ്ടുവാക്കുകളെയും പൂർണ്ണമായും വലയം ചെയ്യുന്നു. ഇവ രണ്ടിന്റെയും പ്രാതിനിധ്യം വഹിക്കുന്നുണ്ട്. എന്നാൽ ഇതിൽ മറ്റുള്ളവയെ അപേക്ഷിച്ച് പരിഷ്ക്കാരവും അലങ്കാരവും എല്ലാം കൂടുതലാണ്. നിഷേധികൾ യാതൊരു കാരണം കൂടാതെ തന്റെ ബിംബങ്ങളെ സ്തുതിക്കാറുണ്ടായിരുന്നു. അവരെ പുകഴ്ത്താൻ ഹംദ് എന്ന വാക്കാണ് അവർ ഉപയോഗിച്ചിരുന്നത്. അവരുടെ ബിംബങ്ങളാണ് എല്ലാ വരദാനങ്ങളുടെയും അനുഗ്രഹങ്ങളുടെയും ഉറവിടമെന്നും അവർ വിശ്വസിച്ചിരുന്നു. മാത്രമല്ല വലിയ ധർമ്മിഷ്ടൻ അതാണെന്ന് അവർ കരുതിപ്പോന്നു. ഇതുകൂടാതെ മരിച്ചവർക്കായി വിലപിക്കുന്നവരിൽ നിന്നും അവരുടെ പൊങ്ങച്ചവും പെരുമയും കാണിക്കുന്നസമയത്തും മൈതാനത്തും അതിഥി സൽക്കാരവേളകളിലും എല്ലാം സംരക്ഷകനും സഹായവുമായ അല്ലാഹുവിനെ സ്തുതിക്കുന്നതുപോലെ അവർ സ്തുതിക്കാറുണ്ടായിരുന്നു. അതിനാൽ ഈ **അൽഹംദുലില്ലാഹ്** എന്നത് അങ്ങനെയുള്ളവരെയും മറ്റെല്ലാ മുശ്രിക്കുകളെയും നിഷേധിക്കാൻ വേണ്ടിയുള്ളതാണ്. ഉൾകാഴ്ചയോടുകൂടി പ്രവർത്തിക്കുന്നവർക്ക് ഇതിൽ ഗുണപാഠവുമുണ്ട്. ഈ വാക്കുകളിൽ യഥാർഥത്തിൽ അല്ലാഹു ബിംബാരാധികരെയും യഹൂദികളെയും കൃസ്ത്യാനികളെയും മറ്റെല്ലാ മുശ്രിക്കുകളെയും ശകാരിക്കുകയാണ് ചെയ്യുന്നത് അവൻ ഇപ്രകാരം അവരോട് ചോദിക്കുകയാണ്. മുശ്രിക്കുകളെ നിങ്ങളുടെ പൊയ്ദൈവങ്ങളെ നിങ്ങൾ എന്തിന് നിങ്ങൾ ഹംദ് ചെയ്യണം. നിങ്ങളുടെ ആദരണീയ്യ വ്യക്തികളെ ഇത്രമാത്രം പൊക്കിപ്പറയുന്നത് എന്തിന്? അവരാണോ നിങ്ങളുടെ റബ്ബ്? അവരാണോ നിങ്ങളെയും നിങ്ങളുടെ മക്കളെയും പോറ്റി പരിപാലിച്ചത്? അതല്ലെങ്കിൽ നിങ്ങളോട് ദയതോന്നുന്ന കരുണാർദ്രരാണോ അവർ? അവരാണോ നിങ്ങളുടെ പ്രയാസങ്ങൾ ദുരീകരിക്കുന്നവർ? നിങ്ങളുടെ ദുഃഖങ്ങളേയും ബുദ്ധിമുട്ടുകളെയും തടയുന്നവർ ആവരാണോ? നിങ്ങൾക്ക് ലഭിച്ച നേട്ടങ്ങളെ സംരക്ഷിക്കുന്നവർ അവരാണോ? കഷ്ടപാടിന്റെ അവിശുദ്ധിയെയും മാലിന്യത്തെയും നിങ്ങളിൽ നിന്ന് കഴുകിക്കളയുന്നവർ അവരാണോ? നിങ്ങളുടെ രോഗത്തിന് ചികിത്സിക്കുന്നവർ അവരാണോ? ശിക്ഷാരക്ഷയുടെ ദിനത്തിന്റെ ഉടമസ്ഥരാണോ അവർ? അല്ല, യഥാർത്ഥത്തിൽ നിങ്ങളുടെ സന്തോഷങ്ങളെ പൂർത്തീകരിക്കുന്നവനും നേർമാർഗത്തിലേക്കുള്ള വഴി കാണിക്കുന്നവനും ദുആ സ്വീകരിക്കുന്നവനും ശത്രുക്കളിൽ നിന്ന് മോചനം നൽകുന്നതിനായി നിങ്ങളോട് കരുണ ചെയ്തുകൊണ്ട് നിങ്ങളെ പരിപാലിക്കുന്നവൻ അല്ലാഹു ആകുന്നു. അല്ലാഹു സൽപ്രവർത്തകർക്ക് തീർച്ചയായും പ്രതിഫലം നൽകുന്നതായിരിക്കും.

അല്ലാഹുവിൽ സർവ്വവിധ സൽഗുണങ്ങളും സമ്മേളിച്ചിരിക്കുന്നു എന്ന് വിശദീകരിച്ചുകൊണ്ട് പറയുന്നു.

ഇതോടൊപ്പം **അൽഹംദുലില്ലാഹ്** എന്നതിൽ ഉള്ള മറ്റൊരു സൂചന ദൈവികജ്ഞാനത്തിന്റെ കാര്യത്തിൽ തന്റെ ദുശ്പ്രവർത്തികാരണം ആരാണോ നശിപ്പിക്കപ്പെട്ടത്, അതല്ലെങ്കിൽ അവനെയല്ലാതെ മറ്റേതെങ്കിലും ഒന്നിനെ ആരാണോ ആരാധ്യനാക്കിയത്, അവർ മനസ്സിലാക്കേണ്ടത്, അല്ലാഹുവിന്റെ ശ്രേഷ്ഠതകളിൽ നിന്നും മുഖം തിരിച്ച കാരണത്താലും അവന്റെ അത്ഭുതങ്ങൾ ദർശിക്കാത്ത കാരണത്താലും അല്ലാഹുവിന്റെ മഹത്വത്തിന് ചേർന്ന കാര്യങ്ങളിൽ നിന്ന് വ്യാജത്തെ സ്നേഹിക്കുന്നവർ അശ്രദ്ധരായിരിക്കുന്നതുപോലെ അശ്രദ്ധ കാണിച്ചകാരണത്താലും അവർ നശിപ്പിക്കപ്പെട്ടിരിക്കുന്നു. (അല്ലാഹു അല്ലാത്ത മറ്റു ദൈവങ്ങളെ ആരാധിക്കുകയും അല്ലാഹുവിന്റെ മഹത്വങ്ങൾ കാണാതെ, അവന്റെ ദൃഷ്ടാന്തങ്ങൾ ശ്രദ്ധിക്കാതെ മറ്റുള്ളവരെ ആരാധ്യരാക്കിവെക്കുകയും ചെയ്യുന്നവർ നശിപ്പിക്കപ്പെടുന്നതാണ്.) നീ കൃസ്ത്യാനികളെ കാണിന്നില്ലെ! അവർ തൗഹീദിലേക്ക് ക്ഷണിക്കപ്പെട്ടെങ്കിലും അവർ ഈ രോഗത്താൽ നശിപ്പിക്കപ്പെടുകയുണ്ടായി. വഴി പിഴപ്പിക്കുന്ന അവരുടെ ആത്മാവും മാർഗഭ്രംശം ചെയ്യുന്ന അവരുടെ ആഗ്രഹങ്ങളും അവരുടെ വഴികേടിന്റെ ഈ മാർഗത്തെ മനോഹരമാക്കി അവർക്ക് കാണിച്ചുകൊടുക്കുകയും അങ്ങനെ ഒരു വിനീതദാസനെ ദൈവമായി അവർ വാഴ്ത്തുകയും ചെയ്തു. അങ്ങനെ മാർഗഭ്രംശത്തിന്റെയും അജ്ഞതയുടെയും മദ്യം അവർ കുടിക്കുകയുണ്ടായി. അല്ലാഹുവിന്റെ മഹത്വങ്ങളെയും വ്യക്തിഗതമായ ഗുണങ്ങളെയും അവർ മറന്നുപോയി. അവന് വേണ്ടി ആൺ കുട്ടികളെയും പെൺ കുട്ടികളെയും അവർ പടച്ചുണ്ടാക്കി. അവർ അല്ലാഹുവിന്റെ സിഫത്തുകളിലും അവന്ന് ചേരുന്ന മഹത്വങ്ങളെക്കുറിച്ച് കുലങ്കശമായി ചിന്തിച്ചിരുന്നുവെങ്കിൽ അവരുടെ ബുദ്ധിക്ക് ഒരിക്കലും തെറ്റുപറ്റുമായിരുന്നില്ല. അവർ നശിക്കുന്നവരിൽ ഉൾപ്പെടുമായിരുന്നില്ല. ചുരുക്കത്തിൽ ഇവിടെ അല്ലാഹു നൽകുന്ന സൂചന ഇതാണ്. അല്ലാഹുവിന്റെ ജ്ഞാനത്തെക്കുറിച്ചുണ്ടാകുന്ന തെറ്റുകളിൽ നിന്നും രക്ഷപ്രാപിക്കാനുള്ള നിയമം എന്നത് അവന്റെ ശ്രേഷ്ഠകളെക്കുറിച്ച് കുലങ്കശമായി ചിന്തിക്കുക എന്നതും അവന്റെ അസ്ഥിത്വത്തിന് ചേർന്ന ഗുണങ്ങൾ ഏതെല്ലാമാണെന്ന് അന്വേഷിക്കുകയും എല്ലാ ഭൗതികമായ ദാനങ്ങളെക്കാളും മഹത്വവും എല്ലാ സഹായങ്ങളെക്കാളും ഉത്തമവുമായ അവന്റെ ഗുണങ്ങളെ എപ്പോഴും സ്മരിച്ചുകൊണ്ടിരിക്കുക എന്നതുമാണ്. അവൻ തന്റെ പ്രവർത്തനം മുഖേന ഏതല്ലാം ഗുണങ്ങൾ തെളിയിച്ചുകാണിച്ചിട്ടുണ്ടോ അതായത് അവന്റെ ശക്തി, അവന്റെ കഴിവ്, അവന്റെ മേധാവിത്വം, അവന്റെ ഔധാര്യം എന്നിവ ഓർക്കുക. അതുകൊണ്ട് ഈ കാര്യം ഓർക്കുകയും ഇതിൽ അശ്രദ്ധരാകാതിരിക്കുകയും ചെയ്യുക. അറിയുക റബൂബിയ്യത്ത് (പരിപാലനം) എന്നത് പൂർണ്ണമായും അല്ലാഹുവിനാണുള്ളത്. റഹീമിയ്യത്ത് പൂർണ്ണമായും അല്ലാഹുവിനാണുള്ളത്. വിധിനിർണ്ണയിക്കുന്ന നാളിലെ മിയന്ത്രണവും അധികാരവും പൂർണ്ണമായും അല്ലാഹുവിനാണുള്ളത്. അതുകൊണ്ട് നിന്റെ പരിപാലകനെ അനുസരിക്കുന്ന കാര്യത്തിൽ നിഷേധിയായിത്തീരല്ല. ഏകത്വത്തിൽ വിശ്വസിക്കുന്ന മുസ്‌ലീംകളിൽ ഉൾപ്പെടുക.

ഇതുകൂടാതെ ഈ ആയത്തിൽ അല്ലാഹു മറ്റൊരു കാര്യം പറയുന്നത് ഇതാണ്. ആദ്യസിഫത്ത് അസ്തമിച്ചതിന്ശേഷം പുതിയ സിഫത്തുകൾ സ്വീകരിക്കുന്നതിൽ നിന്നും തന്റെ മഹത്വത്തെ മാറ്റം വരുത്തുന്നതിൽ നിന്നും വല്ല ന്യൂനതയും അവനിൽ ഉണ്ടാകുന്നതിൽ നിന്നും ന്യൂനതക്ക്ശേഷം വല്ല മഹത്വവും സ്വീകരിക്കുന്നതിൽ നിന്നുമെല്ലാം അവൻ പരിശുദ്ധനാണ്. അല്ലാഹുവിൽ ഒരുവിധ കുറവും ഉണ്ടാകുകയില്ല. ആദ്യത്തെ സിഫത്തുകളിൽ ചില മാറ്റങ്ങൾ ഉണ്ടായി അത് മെച്ചപ്പെടുത്തുക എന്ന ന്യൂനതയൊന്നും അല്ലാഹുവിനില്ല) മറിച്ച് അവന്ന് തുടക്കം മുതൽ അവസാനം വരെയും പ്രത്യക്ഷത്തിലും പരോക്ഷത്തിലും എന്നെന്നുമായി അവന് സ്തുതി മാത്രമാണുള്ളത്. ഇതിന് വിരുദ്ധമായി പറയുന്നവർ സത്യത്തിൽ നിന്ന് വ്യതിചലിച്ചവനും കാഫിറുകൾ ഉൾപ്പെട്ടവനുമായി മാറുന്നു. അല്ലാഹു തആല എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനാണ്. അവന്റെ സിഫത്തുകളെക്കുറിച്ച് ശരിക്കും മനസ്സിലാക്കാത്തവർ അവർ നാശഗർത്തത്തിൽ ചെന്നു

പതിക്കുന്നു. മുമ്പുള്ള സമൂഹങ്ങൾ നശിക്കാനുണ്ടായ കാരണം അവർ അല്ലാഹുവിന്റെ സിഫത്തുകളെ തിരിച്ചറിഞ്ഞില്ല എന്ന തായിരുന്നു. അങ്ങനെ അവർ ശിർക്കിൽ പെട്ടുപോയി. തിരിച്ചറി ഞ്ഞിട്ടുണ്ടെങ്കിൽ തന്നെ അവർ അത് മറന്നുപോയി.

മുസ്‌ലീംകളുടെ ദൈവത്തിനാണ് സർവ്വസ്തുതിയും എന്ന് മുസ്‌ലീംകൾക്ക് പാഠം നൽകിയിട്ടുണ്ടെന്ന് വിശദീകരിച്ചുകൊണ്ട് പറയുന്നു: **അൽഹംദുലില്ലാഹ്** എന്നതിൽ മുസ്‌ലിംകൾക്ക് നൽകിയിരിക്കുന്ന ഒരദ്ധ്യാപനം ഇതാണ്. അവരോട് നിങ്ങളുടെ ആരാധ്യൻ ആരാണെന്ന് ആരെങ്കിലും ചോദിക്കുകയോ അന്വേ ഷിക്കുകയോ ചെയ്യുകയാണെങ്കിൽ എന്റെ ആരാധ്യൻ സർവ്വസ്തി തിക്കും അർഹനും എല്ലാവിധ ശ്രേഷ്ഠതയും കഴിവും അവനിൽ സമ്മേളിച്ചിരിക്കുന്നവനുമായ നാഥനാണെന്ന് ഓരോ മുസ്‌ലിമും മറുപടി പറയേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് മറവിക്കാ രിൽ നീ ഉൾപ്പെടരുത്. **അൽഹംദുലില്ലാഹ്** എന്ന് നാവുകൊണ്ട് ഉച്ചരിച്ചാൽ മാത്രംപോരാ. അത് പറയുമ്പോൾ ഞാൻ ആരാധി ക്കുന്ന ഇവ്വിധ ഗുണങ്ങളുള്ള ഒരു നാഥൻ എനിക്കുണ്ടെന്ന ബോധം മനസ്സിൽ വരണം. അവൻ എന്റെ നാഥനായതുകൊ ണ്ടാണ് ഞാൻ ആരാധിക്കുന്നത്.

മറ്റൊരു സ്ഥലത്ത് പറയുന്നു: അൽഹംദുലില്ലാഹ് എന്നതുകൊ ണ്ടാണ് ഈ സൂറത്ത് തുടങ്ങിയിരിക്കുന്നത്. അല്ലാഹു എന്ന് പേരുള്ള ആ അസ്തിത്വത്തിനാണ് സർവ്വ സ്തുതിയും. **അൽഹം ദുലില്ലാഹ്** എന്ന വചനം കൊണ്ട് തുടങ്ങാനുള്ള കാരണം അല്ലാ ഹുവിനെ ആരാധിക്കുന്നത് നമ്മുടെ ആത്മാവിലുള്ള പ്രത്യേക ആവേശവും പ്രത്യേക ആകർഷണവും കാരണമായിരിക്കേണ്ട താണ്. സ്നേഹത്തിലും പ്രേമത്തിലും നിറഞ്ഞുനിൽക്കുന്ന ഇങ്ങ നെയുള്ള ആകർഷണം വെറുതേ ഉണ്ടാകുകയില്ല. ആ വ്യക്തി എല്ലാ ഗുണങ്ങളുടെയും സമ്പൂർണ്ണ രൂപമാണെന്ന് തെളിയിക്കു കയും അങ്ങനെ ആ ഗുണങ്ങളെക്കുറിച്ച് അറിയുമ്പോൾ അനി യന്ത്രിതമായി ഹൃദയം ആ വ്യക്തിയെ പുകഴ്ത്താൻ തുടങ്ങു കയും ചെയ്യുന്നു. സമ്പൂർണ്ണ സ്തുതി രണ്ട് കാര്യങ്ങൾ കാരണ മായാണ് ഉണ്ടാവുക എന്നത് വ്യക്തമാണ്. ഒന്ന് അതിശ്രേഷ്ഠ മായ സൗന്ദര്യം കാരണമായി. രണ്ട് അതിശ്രേഷ്ഠമായ അനുഗ്ര ഹവർഷം കാരണമായി. ആരിലെങ്കിലും നല്ല സൗന്ദര്യമുണ്ടെങ്കിൽ അവരെ സ്തുതിക്കുന്നു. അതേപോലെ ആരെങ്കിലും മറ്റുള്ളവർക്ക് അനുഗ്രഹം ചെയ്തിട്ടുണ്ടെങ്കിൽ അതുകാരണമായും അവരെ സ്തുതിക്കുന്നു. ഇനി ഈ രണ്ട് ഗുണങ്ങളും ഒരാളിൽ സമ്മേളി ച്ചിട്ടുണ്ടെങ്കിൽ ഹൃദയം അവർക്കായി പൂർണ്ണമായി സമർപ്പിക്ക പ്പെടുന്നു. വിശുദ്ധ ഖുർആന്റെ ഏറ്റവും വലിയ ഉദ്ദേശ്യം തന്നെ അല്ലാഹുവിന്റെ രണ്ട് തരത്തിലുമുള്ള ഗുണങ്ങളെ സത്യാന്വേ ഷികളുടെ മുമ്പാകെ സമർപ്പിക്കുക എന്നതാണ്. അതുമുഖേന അതുല്ല്യമായ ഒരു അസ്തിത്വത്തിലേക്ക് ജനങ്ങൾ ആകർശിക്കു മാറാകട്ടെ. അങ്ങനെ ആത്മാവിന്റെ സ്വയം ആവേശത്താലും ആകർഷണത്താലും അവന്റെ അടിമത്വം സ്വീകരിക്കുമാറാകട്ടെ. അതുകൊണ്ടാണ് ആദ്യ സൂറത്തിൽ തന്നെ വിശുദ്ധ ഖുർആന്റെ ഏതൊരു ദൈവത്തിലേക്കാണോ വിളിക്കുന്നത് ആ ദൈവത്തിന് എന്തെന്തെല്ലാം ഗുണങ്ങളാണുള്ളത് എന്ന് വിവരിച്ചിരിക്കുന്നത്. അതുകൊണ്ടാണ് ഈ സൂറത്തിനെ **അൽഹംദുലില്ലാഹ്** എന്ന വാചകം കൊണ്ട് തുടങ്ങിയിരിക്കുന്നത്. ഇതിന്റെ അർത്ഥമിതാ ണ്. സർവ്വ സ്തുതിയും അല്ലാഹു എന്ന് നാമമുള്ള ആ അസ്തി ത്വത്തിന് അർഹതപ്പെട്ടതാണ്. അല്ലാഹുവിന്റെ അസിതിത്വത്തിൽ സൗന്ദര്യവും അനുഗ്രഹവും എല്ലാം സമ്മേളിച്ചിരിക്കുന്നു. അതു കൊണ്ടാണ് **അൽഹംദുലില്ലാഹ്** മുതൽ ഇതു തുടങ്ങിയിരിക്കു ന്നത്. അല്ലാഹുവിന്റെ ഹുസ്നും (സൗന്ദര്യം) ഇഹ്സാനും (അ നുഗ്രഹങ്ങളും) എന്തെല്ലാമാണെന്ന് വളരെ വിശദമായി മറ്റൊരു സ്ഥലത്ത് വിവരിക്കുന്നുണ്ട്. അതിന്റെ ചുരുക്കം ഞാൻ വിവ രിക്കാം.

അവന്റെ ഹുസ്ൻ എന്നത് അവനിൽ സർവ്വവിധ ഗുണങ്ങളും സമ്മേളിച്ചിരിക്കുന്നു എന്നതാണ്. അവൻ സർവ്വവിധ സൽഗുണ ങ്ങളുടെയും സമ്മേളിതരൂപമാണ്. ഈ സൂറത്തിന്റെ അടിസ്ഥാ നത്തിൽ അവന്റെ ഇഹ്സാനെക്കുറിച്ച് (അനുഗ്രഹത്തെക്കുറിച്ച്) ഹ:മസീഹ് മൗഊദ് عليه السلام 4 അടിസ്ഥാന കാര്യങ്ങൾ വിവരിക്കു ന്നുണ്ട്. അത് ചുരുങ്ങിയ രീതിയിൽ വിവരിക്കുന്നതാണ്. ഒന്നാ മത്തെ ഇഹ്സാൻ ഇതാണ്. അവൻ റബ്ബാണ്. സൃഷ്ടിച്ച് അതിനെ പരിപാലിക്കുകയും അതിന്റെ ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കു കയും ചെയ്യുന്നു. രണ്ടാമത്തെ ഇഹ്സാൻ റഹ്മാനിയ്യത്ത് എന്ന ഗുണമാണ്. ഇതുമുഖേന എല്ലാ ജീവജാലങ്ങൾക്കും അവൻ ശക്തികളും കഴിവുകളും നൽകുകയും അവരുടെ ആവശ്യങ്ങൾ അനുസരിച്ച് അവരുടെ നിലനിൽപ്പിനുള്ള കാര്യങ്ങൾ ഇവിടെ ഉണ്ടാക്കിയിട്ടുണ്ട്. മനുഷ്യനാണ് അതിൽ ഏറ്റവും കൂടുതൽ അംശം നൽകിയിരിക്കുന്നത്. മൂന്നാമത്തെ ഇഹ്സാൻ എന്നത് അവന്റെ റഹീമിയ്യത്ത് എന്ന ഗുണമാണ്. ദുആകളെയും സൽപ്ര വർത്തികളെയും അവൻ സ്വീകരിക്കുകയും വിപത്തുകളിൽ നിന്നും അപകടങ്ങളിൽ നിന്നും അവർ സംരക്ഷിക്കുകയും ചെയ്യു ന്നു. പ്രാർത്ഥനക്കും പ്രവർത്തനങ്ങൾക്കുമുള്ള പ്രതിഫലം അവൻ നൽകുന്നു. നാലാമത്തെ അവന്റെ ഇഹ്സാൻ മാലികിയത്താണ്. വിധിനാളിലെ ഉടമസ്ഥതയാണ്. ഇതുമുഖേന തന്റെ പ്രത്യേക അനുഗ്രഹം മൂലം അവൻ ഉദ്ദേശിക്കുന്നവർക്ക് ഇഷ്ടംപോലെ നൽകുന്നു. പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലം അവൻ നൽകു ന്നു. ഇത് അല്ലാഹുവിന്റെ പ്രത്യേകമായ ഫള്ൽകൊണ്ട് മാത്രമേ ലഭിക്കുകയുള്ളൂ.

റബ്ബുൽ ആലമീനിൽ വഴികേടിന്റെ കാലത്തിന്ശേഷം ഹിദാ യത്ത് അല്ലാഹു കൊണ്ടുവരുന്നു എന്ന് വിവരിച്ചുകൊണ്ട് ഹ:മസീഹ് മൗഊദ് عليه السلام പറയുന്നു: അല്ലാഹു സുബ്ഹാനവു തആല തന്റെ വചനമായ റബ്ബുൽ ആലമീൻ എന്ന വചനത്തിൽ സൂചന നൽകുന്നത്, അവൻ എല്ലാ വസ്തുക്കളുടെയും സൃഷ്ടാ വാണെന്നാണ്. ആകാശഭൂമികളിലുള്ളതെല്ലാം അവന്റെ ഭാഗത്തു നിന്നാണ്. ഈ ഭൂമിയിൽ നേർവഴിയിലുള്ള ജമാഅത്തുകളെല്ലാം തന്നെ അതേപോലെ വഴികേടിലായവരും കുറ്റവാളികളായവരും എല്ലാം തന്നെ ആലമീൻ എന്നതിൽ ഉൾപ്പെടുന്നു. ചില കാലത്ത് വഴികേട്, നിഷേധം, ധിക്കാരം, അസന്തുലനം എന്നീ അവസ്ഥ കൾ അധികരിക്കുന്നു. അങ്ങനെ ഭൂമി ആക്രമണത്താലും അനീ തിയാലും നിറയുന്നു. ലോകർ പ്രതാപവാനായ ദൈവത്തിന്റെ മാർഗം വിട്ടൊഴിയുന്നു. ഉബൂദിയ്യത്തിന്റെ യാഥാർത്ഥ്യം അവർ തിരിച്ചറിയുന്നില്ല. റുബൂബിയ്യത്തിന്റെ കടമ അവർ നിർവ്വ ഹിക്കുന്നുമില്ല. ആ കാലം അന്ധകാര നിബിഢമായ രാത്രിപോലെ ആയിത്തീരുന്നു. ദീൻ ഈ വിപത്തിനകത്ത് ഞെങ്ങി അമരുന്നു. അപ്പോൾ അല്ലാഹു പുതിയ ഒരു ആലം (പ്രപഞ്ചം) കൊണ്ടുവ രുന്നു. അങ്ങനെ ഈ ഭൂമി മറ്റൊരു ഭൂമിയായി പരിവർത്തിക്കപ്പെ ടുന്നു. ആകാശത്ത് നിന്ന് പുതിയ ഒരു വിധി നടപ്പിൽ വരുന്നു. ലോകർക്ക് ദൈവത്തെ തിരിച്ചറിയാനുള്ള ഹൃദയവും ദൈവികാ നുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുവാനുള്ള സംസാരിക്കുന്ന നാവും നൽകപ്പെടുന്നു. അവർ തങ്ങളുടെ ആത്മാക്കളെ അല്ലാ ഹുവിന്റെ സവിധത്തിൽ ചവിട്ടിമതിക്കപ്പെട്ട ഒരു വഴിപോലെ ആക്കിത്തീർക്കുന്നു. ഭയത്തോടും ഏറെ പ്രതീക്ഷയോടും കൂടി

അവനിലേക്ക് വരുന്നു. ലജ്ജ കാരണം താഴോട്ട് പതിക്കുന്ന ദൃഷ്ടി കളാലും തങ്ങളുടെ ലക്ഷ്യത്തിലേക്ക് മാത്രം തിരിക്കുന്ന മുഖ ത്തോടും കൂടി അവർ വരുന്നു. അത്യുന്നതങ്ങളെ മുട്ടിവിളിക്കുന്ന ദാസത്വത്തിന്റെ ധൈര്യം അവരിൽ നിന്ന് പ്രകടമാകുന്നു.

(ഹ. മസീഹ് മൗഊദ് عليه السلام ഇവിടെ ഭൂമി മറ്റൊരു ഭൂമിയിൽ മാറ്റപ്പെടും എന്ന് പറഞ്ഞിട്ടുണ്ട്. ഹ:മസീഹ് മൗഊദ് عليه السلام ഉം കശ്ഫിൽ ഒരു ദൃശ്യം കാണുകയുണ്ടായി ഞാൻ പുതിയ ഒരാ കാശവും പുതിയ ഭൂമിയും സൃഷ്ടിച്ചിരിക്കുന്നു. എന്നിട്ട് ഞാൻ പറഞ്ഞു. വരൂ നമുക്ക് മനുഷ്യനെ സൃഷ്ടിക്കാം. അന്ന് മൗലവി മാർ വളരെ ഒച്ചപ്പാടുണ്ടാക്കി. ദൈവമാണെന്ന് വാദിക്കുന്നു എന്നാ ക്ഷേപിച്ചു. ആ മാഹാത്മാവ് പറഞ്ഞു. ദൈവമാണെന്ന വാദമല്ല, ഇതിന്റെ അർത്ഥം ഇപ്രകാരമാണ്.) പ്രശ്നസങ്കീർണ്ണമാകുന്ന ഈ കാലത്ത് അങ്ങനെയുള്ളവരുടെ ആവശ്യമാണ് ഉള്ളത്. അവസ്ഥ ആകെ മാറിമറിഞ്ഞതുകാരണം ജനങ്ങൾ വന്യമൃഗങ്ങളെപ്പോ ലെയും നാൽക്കാലികളെപ്പോലെയും ആയിത്തീരുന്നു. ആ സമ യത്ത് അല്ലാഹുവിന്റെ കാരുണ്യവും സഹായവും ആവശ്യപ്പെടു ന്നത് അന്ധകാരത്തെ അകറ്റുകയും ഇബ്ലീസ് നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളെയും കൂടാരങ്ങളെയും തകർത്ത് തരിപ്പണമാക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെ ആകാശത്ത് സൃഷ്ടിക്കുക എന്നതാ ണ്. അപ്പോൾ റഹ്മാനായ അല്ലാഹുവിന്റെ പക്കൽ നിന്ന് ഒരു ഇമാം അയക്കപ്പെടുന്നു. ശൈത്വാന്റെ സൈന്യത്തെ നേരിടുന്ന തിനുവേണ്ടി. റഹ്മാന്റെയും ശൈത്വാന്റെയും ഈ സൈന്യങ്ങൾ ശക്തമായി ഏറ്റുമുട്ടുന്നു. ഇരുകണ്ണുകൾ നൽകപ്പെട്ടവരാണ് ഇതെല്ലാം കാണുന്നത്. (യഥാർത്ത ഉൾകാഴ്ച ഉള്ളവർക്കാണ് ഇത് കാണാൻ സാധിക്കുക.) അങ്ങനെ അവസാനം വ്യാജത്തിന്റെ കഴുത്തിൽ കുരുക്ക് വീഴുന്നു. വ്യാജ പ്രസ്ഥാനങ്ങളുടെ മരീചിക പോലെയുള്ള ന്യായവാദങ്ങൾ ഉൻമൂലനം ചെയ്യപ്പെടുന്നു. അങ്ങനെ ആ ഇമാം ശത്രുക്കളെ വിജയിച്ചടക്കുകയും ഹിദായത്ത് ലഭിച്ചകൂട്ടരുടെ സഹായിയായിത്തീരുകയും ചെയ്യുന്നു. അദ്ദേഹം ഹിദായത്തിന്റെ പതാക ഉയർത്തുന്നു. പവിത്രതയുടെ സ്ഥാനവും മാനവും നിലനിർത്തുന്നവനായിത്തീരുന്നു. അങ്ങനെ അദ്ദേഹം വന്ന് നിഷേധികളുടെ നേതാക്കന്മാരെ ബന്ധനസ്ഥനാക്കി എന്നും അവരെ വരിഞ്ഞുകെട്ടിയിരിക്കുന്നു എന്നും ജനങ്ങൾ തിരിച്ചറി യാൻ തുടങ്ങുന്നു. അദ്ദേഹം കളവിന്റെയും വഞ്ചനയുടെയും ക്രൂര മൃഗങ്ങളെ കൂട്ടിലടച്ചിട്ടുണ്ടെന്നും അവരുടെ കഴുത്തിൽ വളയം ഇട്ടിരിക്കുന്നു എന്നും ബിദ്അത്തുകളുടെ കെട്ടിടങ്ങളെ തകർത്തി രിക്കുന്നു എന്നും അതിന്റെ ഗോപുരങ്ങളെ തറപറ്റിച്ചിട്ടുണ്ടെന്നും അവർ തിരിച്ചറിയുന്നു. അദ്ദേഹം വിശ്വാസത്തിന്റെ വചനത്തെ ഒരുമിച്ചുകൂട്ടിയിരിക്കുന്നു. അതിനെ എല്ലാം സംഘടിപ്പിച്ചിരിക്കു ന്നു. അദ്ദേഹം ആകാശ സിംഹാസനത്തെ ശക്തിപ്പെടുത്തിയിരി ക്കുന്നു. എല്ലാ ന്യൂനതകളെയും ഇല്ലായ്മചെയ്തിരിക്കുന്നു.

ഇന്ന് ഹ: മസീഹ് മൗഊദ് عليه السلام മുഖേന പുതിയ ആകാ ശവും പുതിയ ഭൂമിയും നിർമ്മിക്കപ്പെട്ടിരിക്കുന്നു. അതിൽ നിന്ന് നാം ഫലമെടുക്കുന്നു. അതുകൊണ്ട് എല്ലാ ബിദ്അത്തുകളിൽ നിന്നും നമ്മേ രക്ഷപ്പെടുത്തേണ്ടതാണ്. വിശ്വാസത്തെ ശക്തി പ്പെടുത്തേണ്ടതാണ്. അല്ലാഹുവിന്റെ ഉബൂദിയ്യത്തിന്റെ കടമകൾ നിറവേറ്റാൻ പരിശ്രമിക്കേണ്ടതാണ്. അവന്റെ ഉബൂബിയ്യത്തിനെ തിരിച്ചറിയേണ്ടതാണ്. അപ്പോൾ മാത്രമാണ് പുതിയ ആകാശ ത്തിൽനിന്നും പുതിയ ഭൂമിയിൽനിന്നും ഫലമെടുക്കുന്നവരായി നാം മാറുക.

ദാസൻ അല്ലാഹുവിനെ ശരിക്കും തിരിച്ചറിയുകയും അവന്റെ ആരാധനയുടെ നിലവാരം സ്ഥാപിക്കാൻ തുടങ്ങുകയും ചെയ്യു മ്പോൾ റബ്ബുൽ ആലമീനെ കുറിച്ചുള്ള യഥാർത്ഥ ജ്ഞാനം അവന് കരസ്ഥമാകുന്നു. അതവനെ മറ്റുള്ളവരിൽ നിന്നും വ്യതി രിക്തമാക്കുകയും ചെയ്യുന്നു.

പറയുന്നു: **റബ്ബുൽ ആലമീൻ** എന്ന വചനത്തിൽ പരിശുദ്ധ നായ അല്ലാഹു വെളിപ്പെടുത്തുന്ന മറ്റൊരു കാര്യം, അവൻ എല്ലാ വസ്തുക്കളുടെയും സൃഷ്ടാവാണെന്നാണ്. ആകാശഭൂമികളിൽ അവന്റെ സ്തുതിയാണ് നടക്കുന്നത്. സ്തുതിക്കുന്നവർ എപ്പോഴും അവന്റെ സ്തുതിയിൽ മുഴുകിയിരിക്കുന്നു. അവർ ദൈവസ്മരണയിൽ ലയിച്ചിരിക്കും. എല്ലാ വസ്തുക്കളും തന്നെ അവന്റെ തസ്ബീഹും തഹ്മീദും ചെയ്തുകൊണ്ടിരിക്കുന്നു. അവന്റെ ഏതെങ്കിലും ദാസൻ തന്റെ ആഗ്രഹാഭിലാഷങ്ങളുടെ ഉടുപ്പ് അഴിച്ചുമാറ്റി തന്റെ വികാരങ്ങളിൽ നിന്ന് സ്വതന്ത്രനായി ത്തീരുകയും അല്ലാഹുവിന്റെ മാർഗത്തിലും അവന്റെ ആരാധന യിലും തന്നെ ലയിപ്പിക്കുകയും ചെയ്യുകയും തന്റെ കൃപാകടാ ക്ഷംകൊണ്ട് അവനെ പോറ്റിവളർത്തിയ പരിപാലകനായ നാഥനെ അവൻ തിരിച്ചറിയുകയും എല്ലാ നിമിഷവും തന്നെ ആ ദൈവത്തെ സ്തുതിക്കുകയും തന്റെ ഹൃദയമാസകലം മാത്രമ ല്ല, തന്റെ അസ്ഥിത്വം ഒന്നടങ്കം സമ്പൂർണ്ണമായി അവനെ സ്നേഹി ക്കുകയും ചെയ്യുമ്പോൾ ആ സമയത്ത് ആ വ്യക്തി പ്രപഞ്ചങ്ങ ളിലുള്ള ഒരു പ്രപഞ്ചമായിത്തീരുന്നു.

തുടർന്ന് ഇതിനുള്ള ഉദാഹരണം നൽകിയിട്ടുണ്ട്. പറയുന്നു: ഖാത്തമുന്നബിയ്യീൻ ആഗതരായ ഒരു യുഗം ആ ആലമീനിൽ പെട്ടതാണ്. തുടർന്ന് തന്റെ കാലഘട്ടത്തെക്കുറിച്ച് വിവരിക്കുന്നു ണ്ട്. അല്ലാഹുതആല തന്റെ ദാസരിൽ കരുണചൊരിഞ്ഞുകൊണ്ട് മറ്റൊരു സമൂഹത്തെ ഉണ്ടാക്കി. അവർ വാഗ്ദത്ത മഹ്ദീ മസീ ഹിന്റെ സമൂഹമാണ്.

റബ്ബുൽ ആലമീൻ അയച്ച ഈ വ്യക്തിയുമായി നാം നമ്മേ ബന്ധപ്പെടുത്തുമ്പോൾ നമുക്ക് ഈ ആലമീന്റെ ഭാഗമായിത്തീ രുന്നതിന്നായി നമ്മുടെ ഇഷ്ടങ്ങളെ ദൈവപ്രീതിയാക്കി മാറ്റേ ണ്ടത് അനിവാര്യമാണ്. അതിന് നാം പരിശ്രമിക്കേണ്ടതാണ്. എന്നാൽ മാത്രമേ റബ്ബുൽ ആലമീന്റെ അനുഗ്രഹങ്ങൾ കരസ്ഥ മാക്കുന്നവരായി നാം മാറുകയുള്ളൂ.

ആലമീനിൽ എന്തെല്ലാം ഉൾപ്പെടുന്നു എന്നും അതിന്റെ ഉള്ള ടക്കമെന്താണെന്നും വിവരിച്ചികൊണ്ട് പറയുന്നു. ആലമീൻ എന്ന തുകൊണ്ട് അർത്ഥമാക്കുന്നത് സൃഷ്ടികളെ സൃഷ്ടിച്ച ദൈവമ ല്ലാത്ത മറ്റെല്ലാ അസ്തിത്വങ്ങളുമാണ്. അത് ആത്മാക്കളുടെ പ്രപ ഞ്ചമായാലും ബാഹ്യവസ്തുക്കളുടെ പ്രപഞ്ചമായാലും ശരി. ഇനി അവ ഭൂമിയിലെ സൃഷ്ടികളായാലും സൂര്യനും ചന്ദ്രനും കൂടാതെ മറ്റു ഗ്രഹങ്ങളെപ്പോലെയുള്ളവയാണെങ്കിലും ശരി. ചുരുക്കത്തിൽ എല്ലാ ആലവും അല്ലാഹുവിന്റെ റുബൂബിയ്യത്തിന്റെ കീഴിലാണ് വരുന്നത്. അല്ലാഹുവാണ് എല്ലാ ആലമീനേയും പരിപാലിക്കു ന്നവൻ എന്ന് നാം അറിയുന്നു. എന്നാലും ചില സന്ദർഭങ്ങളിൽ സൃഷ്ടികളെ മനുഷ്യൻ പരിപാലകനും സംരക്ഷകനുമായി കരു തിപ്പോകുന്നു. സമൂഹത്തിന്റെ സമ്മർദ്ദത്തിൽ കുടുങ്ങി ഭൗതികത അവരെ കീഴ്പ്പെടുത്തുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഒരു വിശ്വാസി ഒരാത്മപരിശോധന നടത്തേണ്ടതാണ്. തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ട് റബ്ബുൽ ആലമീനിലേക്ക് തിരി യേണ്ടതാണ്. കാരണം ഏതൊരു പുതിയ ഭൂമിയേയാണോ നാം സ്വീകരിച്ചത്, ഏതൊരു പുതിയ ആകാശമാണോ മേൽകൂരയായി മുകളിലുള്ളത് അതിൽ നിന്നും അനുഗ്രഹം കരസ്ഥമാക്കാൻ സാധിക്കുന്നതാണ്.

മറ്റൊരു സ്ഥലത്ത് പറയുന്നു: ദൈവം സർവ്വലോകത്തിന്റെയും ദൈവമാകുന്നു. ബാഹ്യമായ ശരീരത്തിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനും അതിനെ ശരിപ്പെടുത്തുന്നതിനും വേണ്ടി യാതൊരു വിധ വ്യത്യാസവും കൽപ്പിക്കാതെ എല്ലാ സൃഷ്ടികൾക്കുമായി അവൻ ബാഹ്യവസ്തുക്കളും സാധന ങ്ങളും സൃഷ്ടിച്ചിരിക്കുന്നു. അവൻ **റബ്ബുൽ ആലമീൻ** എന്ന താണ് നമ്മുടെ അടിസ്ഥാനം. അവൻ ധാന്യങ്ങലും, വായു, വെള്ളു, പ്രകാശം തുടങ്ങിയവയും എല്ലാ സൃഷ്ടികൾക്കുമായി ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. ഇതേപോലെ എല്ലാ കാലഘ ട്ടത്തിലും ഓരോ സമൂഹത്തിന്റെയും സാംസ്ക്കരണത്തിനായ സമയാസമയങ്ങളിൽ പരിഷ്ക്കർത്താക്കളെ അയക്കുന്നു. ഇതു സംബന്ധമായി വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

وَإِنْ مِّنْ أُمَّةٍ إِلَّا خَلَا فِيهَا نَذِيرٌ

അല്ലാഹു ഇക്കാലത്തും ഒരാളെ അയച്ചു. റബ്ബുഅൽ ആലമീന്റെ അനുഗ്രഹം ഏതെങ്കിലും പ്രത്യേക സമൂഹത്തിന് മാത്രമല്ല ലഭി ച്ചിരിക്കുന്നത് എന്ന് പറഞ്ഞുകൊണ്ട് പറയുന്നു.

അല്ലാഹു തആല വിശുദ്ധ ഖുർആനെ സൂറ ഫാത്തിഹയിലു ള്ള اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്ന ആയത്തുകൊണ്ടാണ് തുട ങ്ങിയിരിക്കുന്നത്. സമ്പൂർണ്ണവും പരിശുദ്ധവുമായ എല്ലാ ഗുണ ങ്ങളും അവന് മാത്രമുള്ളതാണ് അവൻ സർവ്വ പ്രപഞ്ചങ്ങ ളുടെയും നാഥനാണ്. ആലം എന്നതിൽ വിവിധ സമൂഹങ്ങളും വിവിധ കാലവും വിവിധനാടുകളും ഉൾപ്പെടുന്നു. അല്ലാഹുവിന്റെ പരിപാലനം എന്ന റുബൂബിയ്യത്തിന്റെ ഗുണം തങ്ങളുടെ മാത്രം സമൂഹത്തിൽ പരിമിതമാണെന്ന് വാദിക്കുന്ന സമൂഹങ്ങളെ ഈ പ്രാരംഭവചനത്തിലൂടെതന്നെ അല്ലാഹു ഖണ്ഡിക്കുകയാണ് ചെയ്യു ന്നത്. അവർ മറ്റുള്ള സമൂഹങ്ങളെ ക്കുറിച്ച് കരുതുന്നത് അവർ ദൈവത്തിന്റെ സൃഷ്ടികളല്ല എന്നാണ്. അല്ലാഹു അവരെ സൃഷ്ടിച്ച് പാഴ്വസ്തുവിനെപ്പോലെ വലിച്ചെറിഞ്ഞു എന്നവർ കരുതുന്നു. അതുമല്ലെങ്കിൽ അല്ലാഹു അവരെ മറന്നുപോയിരി ക്കുന്നു അതുമല്ലെങ്കിൽ **നഊദുബില്ലാഹ്** അവരെ അല്ലാഹു സൃഷ്ടിച്ചതേ അല്ല എന്നവർ കരുതുന്നു. **റബ്ബുൽ ആലമീൻ** എന്ന ഗുണം കൊണ്ട് മനുഷ്യന് ജീവിക്കാൻ വേണ്ടി ഭൗതിക വസ്തു ക്കൾ അവൻ നൽകിയതുപോലെ ആത്മീയ വസ്തുക്കളും അവൻ നൽകുന്നു. ഇതാണ് അവന്റെ റബൂബിയ്യത്ത്. ഇതിനെ നിഷേധി ക്കുന്നവർ അല്ലാഹുവിന്റെ റുബൂബിയ്യത്ത് എന്ന സിഫത്തിനേ യാണ് നിഷേധിക്കുന്നത്.

അതുകൊണ്ട് സൂറ ഫാത്തിഹ ഓതുകയും എന്നിട്ടും മസീഹ് മൗഊദ് عَلَيْهِ السَّلَام നെ നിഷേധിക്കുകയും ചെയ്യുന്നവർ ഇക്കാര്യം ചിന്തിക്കേണ്ടതാണ്. ഇതേപോലെ ഹ:മസീഹ് മൗഊദ് عَلَيْهِ السَّلَام ൽ വിശ്വസിച്ച നാമും തഖ്‌വയിൽ മുന്നേറാൻ ശ്രമിക്കേണ്ടതാണ്.

പറയുന്നു: ഹംദ് എന്ന വാക്കിൽ മറ്റൊരു സൂചനയുള്ളത് ഇതാ ണ്. അല്ലാഹു പറയുന്നു. എന്റെ ദാസരെ! എന്റെ സിഫത്തുകൾ മുഖേന നിങ്ങൾ എന്നെ തിരിച്ചറിയുക. എന്റെ മഹത്വങ്ങളാൽ എന്നെ അറിയുക. ഞാൻ കഴിവില്ലാത്ത വ്യക്തികളെപ്പോലെയ ല്ല. എന്റെ ഹംദിന്റെ സ്തുതി എന്നു പറഞ്ഞാൽ ഏറ്റവും ഉന്നത മായ സ്തുതിപാടകന്മാരുടെയും ഉന്നതത്തിലാണുള്ളത്. എന്റെ അസ്തിത്വത്തിൽ ലഭിക്കാത്ത ഒരുവിധ സ്തുത്യർഹമായ ഗുണവും ആകാശഭൂമികളിൽ വേറെ നിങ്ങൾക്ക് ലഭിക്കുന്നതല്ല. എന്റെ സ്തുത്യർഹങ്ങളായ സിഫത്തുകളെ എണ്ണിതിട്ടപ്പെടു ത്താൻ നിങ്ങൾ ശ്രമിച്ചാൽ അത് നിങ്ങൾക്ക് ഒരിക്കലുമാവില്ല. നിങ്ങൾ കഠിനമായി പരിശ്രമിച്ചാലും ശരി. തന്റെ ജോലിയിൽ പൂർണ്ണമായും ലയിക്കുന്ന വ്യക്തിയെപ്പോലെ ഈ സിഫത്തുകളെ എണ്ണിതിട്ടപ്പെടുത്താൻ നിങ്ങൾ പ്രയാസപ്പെട്ടാലും ശരി. എന്റെ അസ്തിത്വത്തിലില്ലാത്ത മറ്റേതെങ്കിലും ഒരു സ്തുതിയും നിങ്ങൾക്ക് കണ്ടെത്താൻ സാധിക്കുമോ എന്ന് ചിന്തിക്കുക. എന്റെ സ്ഥാനത്തുനിന്ന് എന്നെ നീക്കിക്കളയുന്ന വല്ല മഹത്വത്തിന്റെയും രഹസ്യ അറിവ് നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ? ഇങ്ങനെയുള്ള വല്ല ചിന്തയും നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങൾ എന്നെ മനസ്സിലാക്കിയി ട്ടു തന്നെയില്ല. നിങ്ങൾ അന്ധരിൽ ഉൾപ്പെട്ടവരാണ്. എന്നാൽ ഞാൻ (അല്ലാഹു തആല) തന്റെ പ്രത്യേകമായ ഗുണങ്ങളാലും തന്റെ മഹത്വങ്ങളാലും തിരിച്ചറിയപ്പെടുന്നതാണ്. എന്റെ ശക്ത മായ പേമാരിയുടെ അടയാളം എന്റെ അനുഗ്രഹത്തിന്റെ മേഘ ങ്ങളാൽ തിരിച്ചറിയുന്നതാണ്. സർവ്വ ഉത്കൃഷ്ട ഗുണങ്ങളുടെയും എല്ലാ ശ്രേഷ്ടതകളുടെയും സംഗമമായി ആര് എന്നെ കുറിച്ച് വിശ്വസിച്ചുവോ ആര് എവിടെയെല്ലാം ശ്രേഷ്ഠതകൾ കണ്ടോ, അവർക്ക് എവിടെയെല്ലാം പ്രതാപം ദർശിക്കാനായോ ആരെല്ലാം എന്നിലേക്ക് അവർ തിരിച്ചിരിക്കുന്നുവോ, ആരുടെ ബുദ്ധികളിലും കാഴ്ചയിലും ഏതെല്ലാം മഹത്വങ്ങൾ വന്നുവോ, ആരുടെ ചിന്ത കളുടെ ദർപ്പണങ്ങളിൽ തെളിഞ്ഞുവന്ന എല്ലാ ശക്തിപ്രഭാവ ങ്ങളും എന്നിലേക്ക് വരവുചേർത്തോ ഇങ്ങനെയുള്ളവരാണ് എന്റെ മഅ്രിഫത്തിന്റെ മാർഗത്തിൽ ചരിക്കുന്നവർ. സത്യം അവ രുടെ കൂടെയാണ്. അവർ വിജയിക്കുന്നവരാണ്. അല്ലാഹു നിങ്ങളെ സൗഖ്യം നൽകി ആനുഗ്രഹിക്കട്ടെ. എഴുന്നേൽക്കൂ. പ്രതാപവാനായ അല്ലാഹുവിന്റെ സിഫത്തുകളെ അന്വേഷിക്കു ക. ബുദ്ധിമാന്മാരെയും ചിന്തകന്മാരെയും പോലെ ആ കാര്യത്തിൽ ഗാഢമായി ചിന്തിക്കുകയും ഉള്ളതുകൊണ്ട് ദൃഷ്ടി പതിപ്പിക്കു കയും ചെയ്യുക. ശരിക്കും നോക്കുക. ശ്രേഷ്ഠതയുടെ ഓരോന്നും ഗഹനമായി നോക്കുക. ഈ പ്രപഞ്ചത്തിനെ അകത്തും പുറത്തും അന്വേഷിക്കുക. അത്യാഗ്രഹിയായ ഒരു മനുഷ്യൻ തന്റെ ആഗ്ര ഹങ്ങൾ സഫലീകരിക്കാൻ ദൃധികൂട്ടുന്നതുപോലെ. അന്വേഷിച്ച് അതിന്റെ ഉച്ചയിൽ നിങ്ങൾ എത്തിയാൽ, അതിന്റെ സുഗന്ധം നുക രാൻ തുടങ്ങിയാൽ നിങ്ങൾ അവനെ കരസ്ഥമാക്കിക്കഴിഞ്ഞിരി ക്കുന്നു. ഈ രഹസ്യം സത്യാന്വേഷികൾക്ക് മാത്രം തുറക്കപ്പെ ടുന്ന ഒന്നാണ്. അതുകൊണ്ട് ഇതാണ് നിങ്ങളുടെ റബ്ബ്, നിങ്ങ ളുടെ യജമാനൻ അവൻ പരിപൂർണ്ണനാണ്. അവനിൽ സർവ്വവിധ സൽഗുണങ്ങളും സ്തുതികളും സമ്പൂർണ്ണമായി സമ്മേളിച്ചിരി ക്കുന്നു. സൂറ ഫാത്തിഹായിൽ ഗനമായി ചിന്തിക്കുന്നവർക്കും വേദന നിർഭരമായ ഹൃദയത്തോടുകൂടി അല്ലാഹുവിനോട് സഹായം തേടുന്നവർക്കും മാത്രമെ ഇതറിയാൻ സാധിക്കുകയു ള്ളൂ. അല്ലാഹുവിനോട് ഉടമ്പടി ചെയ്യുമ്പോൾ തന്റെ ഉദ്ദേശ്യങ്ങളെ നിഷ്കപടമാക്കുകയും അവനോട് ബൈഅത്തിന്റെ ഉടമ്പടി ചെയ്യു കയും തന്റെ മനസ്സിലെ സർവ്വവിധ വിദ്വേഷങ്ങളിൽനിന്നും പക യിൽനിന്നും പരിശുദ്ധമാക്കുന്നവർക്കും മാത്രമേ ഈ സൂറത്തിന്റെ കവാടം തുറക്കപ്പെടുകയുള്ളൂ. അങ്ങനെ അവർ ഉൾകാഴ്ച ഉള്ള വരായിത്തീരുന്നു.

ഹ:മസീഹ് മൗഊദ് عَلَيْهِ السَّلَام ന്റെ ബൈഅത്തിൽ വന്ന് ഈ സ്ഥാനം കരസ്ഥമാക്കാൻ നാം ശ്രമിക്കേണ്ടതാണ്. അതുവരെ എത്താൻ ശ്രമിക്കേണ്ടതാണ്. സൂറ ഫാത്തിഹായെ കുറിച്ചും വിശുദ്ധ ഖുർആനെക്കുറിച്ചും പഠിക്കണമെങ്കിൽ ഹ:മസീഹ് മൗഊ ദ് عَلَيْهِ السَّلَام നിർണ്ണയിച്ച തത്വങ്ങളാണ് നാം സ്വീകരിക്കേണ്ടത്. ആ മഹാത്മാവിന്റെ ആഗ്രഹമനുസരിച്ച് അല്ലാഹുവിന്റെ സിഫത്തുക ളെക്കുറിച്ച് മനസ്സിലാക്കി നമ്മുടെ ജീവിതത്തെ അതനുസരിച്ച് ക്രമ പ്പെടുത്താൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

ജുമുആക്ക്ശേഷം രണ്ട് ഗാഇബ് ജനാസ നമസ്ക്കരിക്കുന്നതാണ്. ഫത്തഹ്ബീഗം സാഹിബയുടെതാണ് ഒന്നാമത്തേത്. മൗലാനാ അഹ്മദ്ഖാൻ നസീബ് സാഹിബിന്റെ ഭാര്യയായിരുന്നു ഇവർ. എഡീഷനൽ നാസിർ ഇസ്‌ലാഹ് ഇർശാദ് മഖാമി റബ്വ. മൗലാനാ അഹ്മദ് ഖാൻ നസീബ് സാഹിബ് മുമ്പേ വഫാത്തായി. ഭാര്യ ജനുവരി 4 ലാണ് വഫാത്തായത് اِنَّالِلّٰهِ وَ اِنَّآ اِلَيْهِ رٰجِعُوْنَ സ്വാത്വികയും ദുആചെയ്യുന്ന, തഹജ്ജുദ് അനുഷ്ടിക്കുന്നവരായിരുന്നു. തഖ്വയുള്ള കൂറുള്ള സ്ത്രീയായിരുന്നു. വിശുദ്ധ ഖുർആൻ പാരായണം കൃത്യമായി നടത്തിയിരുന്നു. അവരുടെ ഭർത്താവ് എഡിഷണൽ നാസിർ ഇസ്‌ലാഹ് ഇർശാദ് ആയിരുന്നു. അതിൽ ഗ്രാമ ജാമാഅത്തുകളാണ് ഉൾപ്പെട്ടിരുന്നത്. ജില്ലജംങ്ക്, സർഗോതജില്ല എന്നിവിടങ്ങളിലെ അഹ്മദി സഹോദരന്മാർ റബ്വയുടെ അടുത്തായതു കാരണം അവിടെ വരാറുണ്ടായിരുന്നു. അഹ്മദ്ഖാൻ നസീം സാഹിബിന്റെ വീട് അവർക്കെല്ലാം സ്വന്തം വീടുപോലെയായിരുന്നു. മകൻ എഴുതുന്നു. ചിലപ്പോൾ അമ്പതോളം ആളുകൾ ഉൾകൊള്ളുന്ന സംഘം അതിഥികളായി എത്താറുണ്ട്. അവർക്കെല്ലാം സന്തോഷത്തോടെ ആതിഥ്യമരുളിയിരുന്നു. ഇവർ നേരത്തെ അറിയിക്കാതെയാണ് വരാറുള്ളത്. ഗ്രാമീണരാണ്. ഉടനെ അവർക്കായി ഭക്ഷണം ഉണ്ടാക്കും. ഇത്രആളുകൾ പറയാതെ എത്തുന്നു എന്ന ചിന്തയൊന്നും അദ്ദേഹത്തിന്റെ മുഖത്ത് എന്നൊന്നും പരിതാപപ്പെടാറില്ല. അവരെ സസന്തോഷം സ്വീകരിക്കും. മൗലവി സാഹിബിന്റെ വഫാത്തിന്ശേഷവും അവർ വീട്ടിൽ വന്നുകൊണ്ടിരുന്നു. പാവങ്ങളെ വളരെയധികം സഹായിച്ചിരുന്നു. കുട്ടികളോട് ഒന്നും വാങ്ങിയിട്ടില്ല. പാവങ്ങൾക്ക് കൊടുക്കാൻ ഉപദേശിക്കുമായിരുന്നു. കയ്യിലുള്ള സംഖ്യ പാവങ്ങളിൽ വിതരണം ചെയ്തിരുന്നു. പാവങ്ങളുടെ ഒരു നിരതന്നെ അവരുടെ വീട്ടിൽ കാണാമായിരുന്നു. സുഖ ദുഃഖങ്ങൾ കൈമാറാനും ആളുകൾ വന്നിരുന്നു. ഖിലാഫത്തിനോട് അഗധമായ ബന്ധമായിരുന്നു. കുട്ടികളിൽ ഖിലാഫത്തിനോടുള്ള സ്നേഹം ജനിപ്പിച്ചു. അതിനായി പരിശ്രമിച്ചു. മൂസിയ ആയിരുന്നു. അല്ലാഹു ഇവരോട് മഗ്ഫിറത്ത് ചെയ്യട്ടെ. പദവികൾ ഉയർത്തട്ടെ. മൂന്ന് പെൺകുട്ടികളും 3 ആൺകുട്ടികളുമാണുള്ളത്. ഒരു മകൻ അടുത്തുണ്ടായിരുന്നു. രണ്ട് ആൺകുട്ടികൾ പുറത്താണ്. നസിർ സാഹിബും നസീം മഹ്ദി സാഹിബും. അദ്ദേഹം അമേരിക്കയിലെ മുബല്ലിഗാണ്. രണ്ട് പേർക്കും ജനാസയിൽ പങ്കെടുക്കാൻ പറ്റിയിട്ടില്ല. അല്ലാഹു തആല എല്ലാവർക്കും ക്ഷമ നൽകട്ടെ. നസീം മഹ്ദി സാഹിബ് നമ്മുടെ മുബല്ലിഗാണ്. ഉമ്മയുടെ ദുആ അദ്ദേഹത്തിന് പ്രവർത്തന മേഖലയിൽ വളരെ പ്രയോജനപെടുകയുണ്ടായി. ഭാവിയിലും ആ ദുആയുടെ അനുഗ്രഹങ്ങൾ അദ്ദേഹത്തിന് ലഭിക്കുമാറാകട്ടെ.

ഹാക്കിം ബീബി സാഹിബയുടെതാണ് രണ്ടാമത്തെ ജനാസ. മൗലവി ഗുലാം റസൂൽ സാഹിബ് മുഅല്ലിം ഇസ്‌ലാഹ് (വ ഇർശാദ് പാക്കിസ്ഥാൻ) ന്റെ ഭാര്യയാണ്. നൂറാമത്തെ വയസ്സിലാണ് വഫാത്തായത് اِنَّالِلّٰهِ وَ اِنَّآ اِلَيْهِ رٰجِعُوْنَ സൽസ്വഭാവിയായ വനിതയായിരുന്നു. ദുആ ചെയ്യുന്ന, തവക്കുൽ ചെയ്യുന്ന ആളായിരുന്നു. സാമ്പത്തികഞെരിക്കം ഉള്ള കാലത്തും തന്റെ ഭർത്താവിനോടൊപ്പംനിന്നും സാമ്പത്തിക ഞെരുക്കമുണ്ടായിട്ടും ആരുടെയും മുമ്പിൽ കൈ നീട്ടാത്ത അഭിമാനിയായിരുന്നു. കുറഞ്ഞ ചെലവിൽ നല്ലനിലയിൽ ജീവിക്കാൻ പരിശ്രമിച്ചു. 28 വർഷവും റസൂൽ നഗരിൽ താമസിച്ചു. അവിടെയാണ് ജമാഅത്തിന്റെ സെന്റർ അതിഥിമന്ദിരമായി അവരുടെ വീട് അറിയപ്പെട്ടിരുന്നു. വളരെ സ്നേഹത്തോടെ ആതിഥ്യമരുളുന്നു. 1974ലെ കലാപത്തിൽ വീട്ടിൽ പുരുഷന്മാരാരും ഉണ്ടായിരുന്നില്ല. കുട്ടികൾ മാത്രമാണ് ഉണ്ടായിരുന്നത്. രാത്രി മുഴുവൻ വീട്ടിലുള്ള ആയുധവുമെടുത്ത് വീടിന് കാവൽനിന്നു. അവരുടെ വീട്ടിന് പുറത്ത് അഹ്മദിയ്യാ ലൈബ്രറി എന്ന് എഴുതിയിരുന്നു. ആ ബാനറിൽ ഹ:മസീഹ് മൗഊദ് عَلَيْهِ السَّلَامُ ന്റെ ഉദ്ധരണിയും ഉണ്ടായിരുന്നു. അത് അയിച്ചുമാറ്റാൻ പറഞ്ഞു. അപ്പോൾ അവർ പറഞ്ഞത് ഇത് ഇവിടെ ഇങ്ങനെത്തന്നെയുണ്ടാകും. ആരേയും പേടിച്ച് സ്വന്തം കൈകൊണ്ട് അത് അയിച്ചുമാറ്റില്ല. ലജ്ന സദ്ർ, സെക്രട്ടറി എന്നീ നിലകളിൽ 1947 മുതൽ 1975വരെ സേവനമനുഷ്ഠിക്കാൻ സാധിച്ചു. അനഹ്മദീകുട്ടികൾക്ക് അഹ്മദീ കുട്ടികൾക്കും വിശുദ്ധ ഖുർആൻ അവർ പഠിപ്പിച്ചിരുന്നു. നിസാമെ ഖിലാഫത്തിനോടും ജമാഅത്തിനോടും ബന്ധപ്പെട്ടുനിൽക്കാൻ പ്രത്യേകം ഉപദേശിച്ചിരുന്നു. 3 ആൺകുട്ടികളും 2 പെൺകുട്ടികളുമാണുള്ളത്. മുബാറക് അഹ്മദ് സഫർ സാഹിബ്, വഖ്ഫെ സിന്ദഗിയാണ് വകീലുർമാൻ ലണ്ടനാണ്. മുബശ്ശിർ അഹ്മദ് സഫർ സാഹിബ്, വഖ്ഫെ സിന്ദഗിയാണ് സർവ്വകസീസ് ശേഷം വഖ്ഫ് ചെയ്തതാണ്. ഇവർക്ക് അല്ലാഹു ക്ഷമനൽകട്ടെ പദവി ഉയർത്തട്ടെ. നമസ്ക്കാരങ്ങൾക്ക്ശേഷം ജനാസ നമസ്ക്കരിക്കുന്നതാണ്.

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 February 10 at: Baitul Futuh London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: Rahmath Calicut.
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**